പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1901 — 01.02.2018 ൽ മറുപടിക്ക്

## ഉഡാൻ വിമാനയാത്രാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സാധാരണക്കാരായ ജനങ്ങൾക്കായി കുറഞ്ഞ ചെലവിൽ ആഭ്യന്തര വിമാനയാത്ര സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഉഡാൻ വിമാനയാത്രാ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഉണ്ട്. എയർ ലൈൻ ഓപ്പറേറ്റർമാരുടെ സഹായത്തോടെ ആഭ്യന്തര വിമാനയാത്രയെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, എയർ ലൈൻ ഓപ്പറേറ്റർമാർ എന്നിവർ സംയുക്തമായി സഹകരിച്ച് ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാനയാത്ര സാധ്യമാക്കുന്നതിന് വേണ്ടിയുള്ള സ്കീം ആണ് റീജിയണൽ കണക്ടിവിറ്റി സ്കീം (ആർ.സി.എസ്.സ്കീം- ഉഡാൻ) 27.12.2017 ൽ കേന്ദ്ര വ്യോമയാന മന്ത്രാലയവുമായും എയർപോർട്ട് അതോറിറ്റിയുമായും ആർ.സി.എസ് സ്കീമിന്റെ മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാന്റിംഗ് ഒപ്പ വച്ചിട്ടുണ്ട്. |
| (ബി) ഇത് നടപ്പിലാക്കുന്നതിനായി സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെ; ഏതൊക്കെ എയർ ലൈൻസുകളാണ് ഇതിൽ ഉൾപ്പെടുന്നതെന്നും ഏതൊക്കെ റൂട്ടുകളിലാണ് ഈ യാത്ര ലഭ്യമാകുന്നതെന്നും ഇതിന്റെ നിരക്കുകൾ എത്രയാണെന്നും വ്യക്തമാക്കാമോ? | (ബി) കമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി റീജിയണൽ സർവ്വീസ് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ണൂർ എയർപോർട്ടിൽ നിന്നും ഇൻഡിഗോ, സ്പൈസ് ജെറ്റ് മുതലായ വലിയ വിമാനക്കമ്പനികളെ ഉൾപ്പെടുത്തി തിരുവനന്തപുരം, ഗോവ, ചെന്നൈ, ബാംഗ്ലൂർ, ഹിൻഡൺ (ഗാസിയാബാദ്), കൊച്ചി, ന്യൂഡൽഹി എന്നീ നഗരങ്ങൾ ഉൾപ്പെടെ ഏകദേശം 10 ഓളം റൂട്ടുകളിലായി 20 ഓളം വിമാന സർവ്വീസുകൾ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. അവ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.<br>1. ചെന്നൈയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - സ്പൈസ് ജെറ്റ് |

2.ചെന്നൈയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ

3.ഹിൻഡനിൽ (ഗാസിയാബാദ്) നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ

4.ബാംഗ്ലൂരിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - സ്പൈസ് ജെറ്റ്

5. ബാംഗ്ലൂരിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ

6. ഹുബ്ലിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ

7.ഡൽഹിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - സ്പൈസ് ജെറ്റ്

8.ഗോവയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ

9.കൊച്ചിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ

10.തിരുവനന്തപുരത്ത് നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ.

നിരക്കുകൾ സംബന്ധിച്ച് തീരുമാനമായിട്ടില്ല.

SR (signature)

സെക്ഷൻ ഓഫീസർ.